ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
0471 2561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - അക്കാദമിക് (എ) സെക്ഷൻ - ഫാഷൻ ഡിസൈനിങ് & ഗർമെൻറ് ടെക്നോളജി കോഴ്സ് പ്രവേശനം - 2026-2027 അദ്ധ്യായന വർഷത്തെ പ്രോസ്പെക്ടസ് അംഗീകരിച്ച് - ഉത്തരവ് – പുറപ്പെടുവിക്കുന്നു

---

അക്കാദമിക് (എ) സെക്ഷൻ

**നം.** DTETVM/3927/2026-C3 (ACA) **തിരുവനന്തപുരം, തീയതി: 26-07-2026**

---

വായന:- 1. 30.06.2026, 18.07.2026, 23.07.2026 തിയതികളിലെ SITTTR/212/2026-പി2 നമ്പർ SITTTR കളമശ്ശേരി ജോയിൻറ് ഡയറക്ടറുടെ കത്ത്

**ഉത്തരവ്**

ഗവൺമെൻറ് /സ്വകാര്യ സ്ഥാപനങ്ങളിൽ നടത്തപ്പെടുന്ന ഫാഷൻ ഡിസൈനിംഗ് & ഗാർമെൻറ് ടെക്നോളജി കോഴ്സിന്റെ 2026-2027 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് മേൽ വായന പ്രകാരം സമർപ്പിച്ചിട്ടുള്ളത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച് തുടർ നടപടികൾ കൈകൊള്ളാവുന്നതാണ് എന്നറിയിക്കുന്നു.

Digitally signed by
ANI ABRAHAM
Date: 26-07-2026
18:28:09

ANI ABRAHAM
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്

1. ജോയിൻറ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് & റിസർച്ച്, കളമശ്ശേരി.
2. ജോയിൻറ് കണ്ട്രോളർ, ടെക്നിക്കൽ എക്സാമിനേഷൻ, തിരുവനന്തപുരം.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

കേരള സർക്കാർ

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്**

## ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി (FDGT) പ്രവേശനം 2026-27

# പ്രോസ്പെക്ടസ്

---

**തയ്യാറാക്കിയത്: സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രയിനിംഗ് ആൻഡ് റിസർച്ച്, കളമശ്ശേരി**

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം**

**തിരുവനന്തപുരം**

പ്രോസ്പെക്ടസും അപേക്ഷാഫോറവും ലഭ്യമാകുന്ന വെബ്ബ് സൈറ്റ്:

**https://fdgt.polyadmission.org/**

**എഫ് ഡി ജി ടി  പ്രവേശനം 2026-27 - പ്രധാന തീയതികൾ**

| ക്രമ നമ്പർ | വിഷയം | തീയതി |
|---|---|---|
| 1 | ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നത് ആരംഭിക്കുന്ന  തീയ്യതി | 27.07.2026 |
| 2 | ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്ന അവസാന  തീയ്യതി | 12.08.2026 , 5PM |
| 3 | കരട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 13.08.2026 |
| 4 | പരാതി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | 15.08.2026 , 11 PM |
| 5 | റാങ്ക് ലിസ്റ്റും അലോട്ട്മെന്റും പ്രസിദ്ധീകരിക്കുന്ന തീയതി | 17.08.2026 |
| 6 | അലോട്ട്മെന്റ് പ്രകാരമുള്ള പ്രവേശനം | 18.08.2026 to 22.08.2026 |
| 7 | ക്ലാസ്സ് ആരംഭിക്കുന്ന തീയതി | 31.08.2026 |
| 8 | സ്പോട്ട് അഡ്മിഷൻ | 01.09.2026 to 07.09.2026 |

## ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | പേജ് നം. |
|---|---|---|
| 1 | ആമുഖം | 4 |
| 2 | പ്രോഗ്രാം, സ്ഥാപനങ്ങളും സീറ്റുകളും | 4 |
| 3 | പ്രോസ്പക്ടസ്, രജിസ്ട്രേഷൻ, അപേക്ഷ സമർപ്പിക്കൽ | 5 |
| 4 | പ്രോഗ്രാം കാലാവധി | 6 |
| 5 | സീറ്റുകളുടെ എണ്ണം | 6 |
| 6 | സീറ്റുകളുടെ സംവരണം | 6 |
| 8 | പ്രവേശന യോഗ്യത | 8 |
| 9 | പ്രായ പരിധി | 8 |
| 10 | യൂണിഫോം | 8 |
| 11 | സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ | 8 |
| 12 | തെരഞ്ഞെടുപ്പ് രീതി | 8 |
| 13 | പ്രവേശനം | 8 |
| 14 | ഫീസ് | 10 |
| 15 | അറിയിപ്പ് | 10 |
| 16 | അനുബന്ധം | |

## ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി (FDGT)
## 2026-27 അദ്ധ്യയന വർഷത്തെ പ്രവേശനത്തെ സംബന്ധിച്ച വിവരങ്ങൾ

### 1. ആമുഖം:

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അംഗീകരിച്ച 2026-27 അധ്യയന വർഷത്തേക്കുള്ള ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാമിലേക്കു പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. പ്രവേശനം സംബന്ധിച്ച പൊതു വിവരങ്ങളും നിയമങ്ങളും നിബന്ധനകളും ഇതിൽ ഉൾക്കൊള്ളുന്നു. അപേക്ഷകർ ഈ പ്രോസ്പക്ടസ് ജാഗ്രതയോടെ/ശ്രദ്ധയോടെ വായിക്കുകയും അതിൽ സൂചിപ്പിക്കുന്ന പ്രവേശനം സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടതുമാണ്. മുൻ വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പക്ടസ് 2026-27 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ബാധകമായിരിക്കുന്നതല്ല.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും SBTE കേരളയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ സ്ഥാപനങ്ങൾ നടത്തുന്ന ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി കോഴ്സിലേക്കുള്ള തിരഞ്ഞെടുപ്പിനും പ്രവേശനത്തിനുമുള്ള നിയമങ്ങളും നിയന്ത്രണങ്ങളും പ്രോസ്പെക്ടസ് പ്രതിപാദിക്കുന്നു. പ്രവേശനത്തിനുള്ള യോഗ്യത പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ / ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മെറിറ്റ് മുഗണന നൽകി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരമാണ് പ്രോഗ്രാം പ്രവേശനം ക്രമപ്പെടുത്തിയിരിക്കുന്നത്. സർക്കാർ സ്ഥാപനങ്ങളിലേക്കു നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും പ്രവേശനത്തിന് ബാധകമായിരിക്കും.

വിജ്ഞാപനങ്ങൾക്കും അറിയിപ്പുകൾക്കുമായി ഉദ്യോഗാർത്ഥികൾ അഡ്മിഷൻ പോർട്ടൽ **https://fdgt.polyadmission.org/** സന്ദർശിക്കേണ്ടതുണ്ട്.

ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട അധികാരി നടത്തിയേക്കാവുന്ന പരിഷ്കാരങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും ഒഴിവാക്കലുകൾക്കും ഈ പ്രോസ്പക്ടസ് വിധേയമായിരിക്കും. പ്രവേശനത്തിനുള്ള അപേക്ഷ ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്. One-Time Registration പ്രക്രിയ ഫീസ് ഓൺലൈനായി അടച്ച് പൂർത്തിയാക്കിയതിനു ശേഷം മാത്രമേ അപേക്ഷ സമർപ്പണം സാധിക്കുകയുള്ളൂ.

ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് (ജി.ഐ.എഫ്.ഡി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ പരിശീലന കേന്ദ്രമാണ്. രണ്ടു വർഷ കാലാവധിയുള്ള ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി (എഫ്.ഡി.ജി.ടി.) പ്രോഗ്രാമാണ് ഇവിടെ പരിശീലിപ്പിക്കുന്നത്. വസ്ത്ര നിർമ്മാണം, അലങ്കാരം, രൂപ കല്പന, വിപണനം എന്നീ മേഖലകളിൽ വിദഗ്ദരെ വാർത്തെടുക്കുകയെന്നതാണ് ഈ സ്ഥാപനങ്ങളുടെ ഉദ്ദേശ്യം. സംസ്ഥാനത്ത് ഇത്തരം 42 സർക്കാർ സ്ഥാപനങ്ങളാണുള്ളത്, കൂടാതെ ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാം നടത്തുവാനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ച സ്വകാര്യ സ്ഥാപനങ്ങൾക്കും ഇത്തരം പ്രോഗ്രാം നടത്താവുന്നതാണ്. സർക്കാർ സ്ഥാപനങ്ങളുടെ ഭരണപരമായ അധികാരം ജില്ലാ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. പ്രോഗ്രാമിന്റെ 2026-27 അദ്ധ്യയന വർഷത്തെ പ്രവേശനം സംബന്ധിച്ച് വിശദ വിവരങ്ങൾ.

### 2. പ്രോഗ്രാം, സ്ഥാപനങ്ങളും സീറ്റുകളും

വസ്ത്ര രൂപകല്പന, നിർമ്മാണം, അലങ്കാരം, വിപണനം എന്നിവ ശാസ്ത്രീയമായി പഠിക്കുന്നതിന് ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി ഉപകരിക്കുന്നു. പരമ്പരാഗത വസ്ത്ര നിർമ്മാണ മേഖലകളിൽ വൈദഗ്ധ്യം നേടുന്നതിനോടൊപ്പം കമ്പ്യൂട്ടർ അധിഷ്ഠിത ഫാഷൻ ഡിസൈനിംഗിലും പ്രാവീണ്യം നേടാൻ കഴിയുന്നതാണ്. കാലാകാലങ്ങളിൽ ഈ മേഖലകളിലുണ്ടാകുന്ന പുത്തൻ ട്രെൻഡുകളെ സ്വാംശീകരിക്കുന്നതിനും, തനതു രീതിയിൽ വികസിപ്പിക്കുന്നതിനും പുനരാവിഷ്കരിക്കുന്നതിനും ഈ പ്രോഗ്രാം ഉപകരിക്കുന്നു. സാധാരണയുള്ള വസ്ത്രനിർമ്മാണ പഠന രീതിയിൽ നിന്നും വ്യത്യസ്തമായി വസ്ത്ര രൂപകല്പന, നിർമ്മാണം, അലങ്കാരം എന്നിവയിൽ ശാസ്ത്രീയമായ അവബോധം നൽകി പ്രായോഗിക വൈദഗ്ദ്യത്തിന് പ്രാധാന്യം നൽകുന്നുവെന്നതാണ് ഈ പ്രോഗ്രാമിന്റെ സവിശേഷത. വസ്ത്ര നിർമ്മാണ മേഖലയിലെ പുതിയ മാറ്റങ്ങൾ കൂടി കണ്ടുകൊണ്ട് പരിഷ്കരിച്ച കരിക്കുലമാണ് 2017 മുതൽ നടപ്പിലാക്കി വരുന്നത്. ആറ് ആഴ്ച നീണ്ടു നിൽക്കുന്ന ഇൻഡസ്ട്രി ഇന്റേൺഷിപ്പ്, കമ്പ്യൂട്ടർ എയിഡഡ് ഫാഷൻ ഡിസൈനിംഗ്, വ്യക്തിത്വ മികവും ഇംഗ്ലീഷ് ഭാഷാ നൈപുണ്യം

വർദ്ധിപ്പിക്കുന്നതിനുള്ള ഇംഗ്ലീഷ് & വർക്ക്പ്ലേസ് സ്കിൽസ് പരിശീലനം തുടങ്ങിയവയും ഈ പ്രോഗ്രാമിനെ വ്യത്യസ്തമാക്കുന്നു. (സംസ്ഥാനത്തെ ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളുടെ വിലാസം, നിയന്ത്രണോദ്യോഗസ്ഥന്റെ ഓഫീസ്, ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാം നടത്തുവാനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ച സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുബന്ധം - I പട്ടിക കാണുക)

### 3. പ്രോസ്പക്ടസ്, രജിസ്ട്രേഷൻ, അപേക്ഷ സമർപ്പിക്കൽ :-

വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പക്ടസും അനുബന്ധങ്ങളും **www.fdgt.polyadmission.org/** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

3.1 **https://fdgt.polyadmission.org/** എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ **ഓൺലൈനായി** സമർപ്പിക്കാവുന്നതാണ്.

**3.2** സർക്കാർ/ ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാം നടത്തുവാനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ച സ്വകാര്യ സ്ഥാപനങ്ങളിലെ പ്രോഗ്രാമിലേക്ക് അപേക്ഷിക്കുന്നതിന് അഡ്മിഷൻ പോർട്ടലിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നിർബന്ധമാണ്.

**3.3** ഓരോ അപേക്ഷകനും പ്രവേശന പോർട്ടലിൽ ഒറ്റ തവണ രജിസ്ട്രേഷൻ (One-Time Registration) പ്രക്രിയ പൂർത്തിയാക്കണം. One-Time Registration ഫീസ് ആയി 100 രൂപയും (പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്ക് 50 രൂപയും) ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

**3.4** One-Time Registration പ്രക്രിയ പൂർത്തീകരിക്കുവാനായി സാധുവായ മൊബൈൽ നമ്പർ, സാധുവായ ഇമെയിൽ ഐഡി എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സമർപ്പിക്കേണ്ടതാണ്. ഈ മൊബൈൽ നമ്പർ അപേക്ഷകന്റെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറായി കണക്കാക്കുകയും പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും (OTP ഉൾപ്പെടെ) പൂർത്തിയാകുന്നത് വരെ അവശ്യമായിരിക്കുകയും ചെയ്യും. One-Time Registration പ്രക്രിയയ്ക്ക് ശേഷം അപേക്ഷകർക്ക് സിസ്റ്റം ജനറേറ്റഡ് രജിസ്ട്രേഷൻ നമ്പർ ലഭിക്കും.

**3.5** സമയ പരിധിക്കു ശേഷം ലഭിക്കുന്ന അപേക്ഷകളും അപൂർണ്ണവുമായ അപേക്ഷകളും മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

**3.7** തെറ്റായ വിവരങ്ങൾ നൽകി പ്രവേശനത്തിന് ശ്രമിക്കുന്നത് കുറ്റകരവും പ്രവേശനം റദ്ദുചെയ്യുന്നതിനും കാരണമാകുന്നതുമാണ്.

**3.8** എല്ലാ ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് ഓഫീസുകളിലും ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാം നടത്തുവാനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ച സ്വകാര്യ സ്ഥാപനങ്ങളിലും അധ്യാപകരെയും അനധ്യാപകരെയും ഉൾപ്പെടുത്തി ഹെൽപ്പ് ഡസ്കുകൾ പ്രവർത്തിക്കുന്നതാണ്.

### 3.9 എങ്ങനെ അപേക്ഷിക്കാം?

One-Time Registration പ്രക്രിയ പൂർത്തീകരിച്ചതിനു ശേഷം രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറോ, രജിസ്ട്രേഷൻ നമ്പർ മുഖേന ലഭിക്കുന്ന OTP യോ ഉപയോഗിച്ച് അപേക്ഷകന് **https://fdgt.polyadmission.org/** എന്ന പ്രവേശന പോർട്ടലിൽ ലോഗിൻ ചെയ്യാവുന്നതാണ്.

1. അപേക്ഷകന്റെ ലോഗിൻ വഴി ഇനിപ്പറയുന്ന വിഭാഗങ്ങൾക്ക് വ്യത്യസ്ത ലിങ്കുകൾ ലഭ്യമാണ്
   i) സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള അപേക്ഷ
   ii) ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാം നടത്തുവാനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ച സ്വകാര്യ സ്ഥാപനങ്ങളിലെ സീറ്റുകളിലേക്കുള്ള അപേക്ഷ
2. അപേക്ഷകർ ഉചിതമായ ലിങ്കുകൾ തിരഞ്ഞെടുത്ത് അവരുടെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
   i) ഒന്നിൽ കൂടുതൽ ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്ന അപേക്ഷകൻ സ്ഥാപനങ്ങൾ തിരഞ്ഞെടുത്ത് പ്രത്യേകം ഓപ്ഷനുകൾ അപേക്ഷയിൽ നൽകേണ്ടതാണ്.

ii) ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാം നടത്തുവാനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ച സ്വകാര്യ സ്ഥാപനങ്ങളിലെ സീറ്റുകളിലേക്കു അപേക്ഷിക്കുന്നവർ ഓരോ സ്ഥാപനങ്ങളിലേക്കും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കണം. ടി സ്ഥാപനങ്ങളിലെ സീറ്റുകളിലേക്കുള്ള അപേക്ഷകൾ പ്രവേശനത്തിന്റെ അവസാന തീയതി വരെ സമർപ്പിക്കാവുന്നതാണ്.

3) അപേക്ഷകർക്ക് തങ്ങളുടെ ലോഗിനിലെ Dashboard ഇൽ സമർപ്പിച്ച എല്ലാ അപേക്ഷകളും കാണാൻ കഴിയും.

4) സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി വരെ തന്റെ ലോഗിൻ വഴി അപേക്ഷകന് ഓൺലൈനായി തിരുത്തലുകൾ വരുത്താവുന്നതാണ്.

4. **പ്രോഗ്രാം കാലാവധി:** പ്രോഗ്രാമിന്റെ കാലാവധി രണ്ട് വർഷമാണ്. ഒന്നും രണ്ടും വർഷങ്ങളിൽ കൺട്രോളർ ഓഫ് ടെക്നിക്കൽ എക്സാമിനേഷൻസ് പൊതു പരീക്ഷ നടത്തുന്നതാണ്. ഈ രണ്ട് പൊതു പരീക്ഷകളും പാസ്സാകുന്നവർക്ക് Kerala Government Technical Examinations (KGTE)-Fashion Designing & Garment Technology സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

5. **സീറ്റുകളുടെ എണ്ണം**

**5.1** ഒരു സ്ഥാപനത്തിൽ 24 സീറ്റുകളിൽ പ്രവേശനം നൽകുന്നതായിരിക്കും. വ്യത്യസ്തമായുള്ളത് താഴെ വിവരിക്കുന്നു.

**5.2** എറണാകുളം ജില്ലയിലെ തമ്മനം, ഞാറക്കൽ, തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി ജി.ഐ.എഫ്.ഡി കളിൽ ഒന്നിടവിട്ട വർഷങ്ങളിൽ 2 ബാച്ചിന് (48 സീറ്റ്) പ്രവേശനം നൽകാറുണ്ട്.

- **2026-27 അധ്യയന വർഷത്തിൽ തൃശ്ശൂർ, വടക്കാഞ്ചേരി ജി.ഐ.എഫ്.ഡി കളിൽ 2 ബാച്ചിന് (48 സീറ്റ്) പ്രവേശനം നൽകുന്നതാണ്.**

**5.3** തിരുവനന്തപുരം ജില്ലയിലെ ജി.ഐ.എഫ്.ഡി.നെടുമങ്ങാട് രണ്ട് ബാച്ച് (48 സീറ്റ്) പ്രവേശനം നൽകുന്നതായിരിക്കും.

6. **സീറ്റുകളുടെ സംവരണം:**

ഓരോ സ്ഥാപനത്തിലും ഒരു സീറ്റ് യുദ്ധത്തിൽ മരണമടഞ്ഞ സൈനികരുടെ വിധവകൾക്കും, 5% സീറ്റുകൾ ശാരീരിക അവശതയനുഭവിക്കുന്നവർക്കായി സംവരണം ചെയ്തിരിക്കുന്നു. 5% സീറ്റുകൾ ശാരീരിക അവശതയനുഭവിക്കുന്നവർക്കായി സംവരണം ചെയ്തിരിക്കുന്നു. 2016 ലെ പേഴ്സണൽ വിത്ത് ഡിസെബിലിറ്റീസ് ആക്ടിലെ VI ആം അധ്യായം 3 ആം വകുപ്പ് പ്രകാരമാണ് സംവരണം അനുവദിച്ചിരിക്കുന്നത്. ഭിന്നശേഷിക്കാർക്കുള്ള സംവരണ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഭിന്നശേഷിയുടെ അളവ് (ഭിന്നശേഷിയുടെ അളവ് 40%മോ അതിൽ കൂടുതലോ ആയിരിക്കണം) രേഖപ്പെടുത്തിയ മെഡിക്കൽ ബോർഡ് പുറപ്പെടുവിച്ച ഭിന്നശേഷി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് (Unique Disability Identity Card - UDID), അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന, കോഴ്സ് പഠിക്കാൻ പ്രാപ്തരാണെന്ന് തെളിയിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ പകർപ്പും (അനെക്സർ -III) ഹാജരാക്കേണ്ടതാണ്. സംസ്ഥാന സർക്കാർ രൂപീകരിച്ച മെഡിക്കൽ ബോർഡ് അല്ലെങ്കിൽ ഏകീകൃത തിരിച്ചറിയൽ കാർഡിൽ (Unique Disability Identity Card - UDID) 40 ശതമാനത്തിൽ കൂടുതൽ ശാരീരിക അവശതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളവരെ മാത്രമേ ഈ വിഭാഗം സംവരണത്തിന് പരിഗണിക്കുകയുള്ളൂ.

**6.1 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്ക് (EWS)**

10% സീറ്റുകൾ സാമ്പത്തികമായി ദുർബലരായ ജാതി സംവരണത്തിനർഹതയില്ലാത്തവർക്കായി സംവരണം ചെയ്തിരിക്കുന്നു. പ്രസ്തുത സംവരണം അവകാശപ്പെടുന്നതിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാരായ അപേക്ഷകർ GO(MS)No.02/2020 P&ARD, Thiruvananthapuram dated 12/02/2020 പ്രകാരമുള്ള നിശ്ചിത ഫോർമാറ്റിലുള്ള EWS സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ് . ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റുകളിലെ എല്ലാ വരികളും/കോളങ്ങളും പൂരിപ്പിച്ചിട്ടുണ്ടെന്നും, അധികാരിയുടെ ഒപ്പ്, ഉദ്യോഗപ്പേരുള്ള സീൽ, ഓഫീസ് സീൽ എന്നിവ പതിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ബാക്കിയുള്ള സീറ്റുകളിൽ 50% സീറ്റുകൾ പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതായിരിക്കും. അവശേഷിക്കുന്ന 40% സീറ്റുകൾ സാമൂഹ്യമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും താഴെ പറയുന്ന രീതിയിൽ സംവരണം ചെയ്തിരിക്കുന്നു.

| | | | | |
|---|---|---|---|---|
| (A) | | ജനറൽ മെറിറ്റ് | 50% | |
| (B) | | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്ക് (EWS) | 10% | |
| (C) | | സാമൂഹ്യമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് (SEBC) | 30% | |
| | a. | ഈഴവ (EZ) | 9% | |
| | b. | മുസ്ലീം (MU) | 8% | |
| | c. | മറ്റു പിന്നോക്ക ഹിന്ദുക്കൾ(BH) | 3% | |
| | d. | ലത്തീൻ കത്തോലിക്കരും ആംഗ്ലോ-ഇന്ത്യൻസും(LA) | 3% | |
| | e. | ധീവരരും ബന്ധപ്പെട്ട സമുദായങ്ങളും(DV) | 2% | |
| | f. | വിശ്വകർമ്മയും ബന്ധപ്പെട്ട സമുദായങ്ങളും(VK) | 2% | |
| | g. | കുശവരും ബന്ധപ്പെട്ട സമുദായങ്ങളും(KN) | 1% | |
| | h. | മറ്റു പിന്നോക്ക ക്രിസ്ത്യാനികൾ(BX) | 1% | |
| | i. | കുടുംബി(KU) | 1% | |
| (D) | | പട്ടികജാതി & പട്ടികവർഗ്ഗം | | 10% |
| | a. | പട്ടികജാതി (SC) | 8% | |
| | b. | പട്ടികവർഗ്ഗം (ST) | 2% | |

**എ**. എസ്.ഇ.ബി.സി വിഭാഗത്തിന്റെ ലിസ്റ്റ് അനുബന്ധം II ൽ കൊടുത്തിരിക്കുന്നു. ഈ വിഭാഗത്തിലുള്ളവർ (മുകളിൽ ക്രമ നമ്പർ 1 മുതൽ 9 വരെ) എസ്.ഇ.ബി.സി. വിഭാഗത്തിൽ പരിഗണിക്കുന്നതിന് അവരുടെ സമുദായ സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ 8 ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

**ബി**. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിക്കുന്ന അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാറിൽ നിന്നും വാങ്ങി സമർപ്പിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുന്ന ജാതി/സമുദായങ്ങളുടെ പേര് അനുബന്ധം II ൽ ഉൾപ്പെടുത്തിയിരിക്കുന്നു.
പട്ടികജാതി വംശജരായ ക്രിസ്ത്യാനിറ്റിയിൽ നിന്ന് ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടന്ന അപേക്ഷകർ പുനഃപരിവർത്തനം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ബന്ധപ്പെട്ട തഹസിൽദാരിൽ നിന്നുള്ള സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കണം. അത്തരം അപേക്ഷകർ ശുദ്ധി സർട്ടിഫിക്കറ്റും അപേക്ഷകന്റെയും, അവന്റെ/അവളുടെ മാതാപിതാക്കളുടെയും സ്കൂൾ രേഖകളുടെ പ്രസക്തമായ പേജും ഹാജരാക്കണം. ജാതി സർട്ടിഫിക്കറ്റിൽ, അപേക്ഷകൻ സ്വയം (അച്ഛനോ അമ്മയോ അല്ല) പട്ടികജാതി/പട്ടികവർഗത്തിൽ പെട്ടയാളാണെന്ന് വ്യക്തമാക്കണം.

**സി**. വ്യത്യസ്ത സമുദായത്തിൽപെട്ട ദമ്പതികളിൽ ആരെങ്കിലും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നുവെങ്കിൽ അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് അർഹതപ്പെട്ട വിദ്യാഭ്യാസ/സാമ്പത്തിക ആനുകല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. (GO(Ms)No. 25/2005/SCST DD dt.20.06.2005 ഉം (G.O (Ms) No.109/2008/SCST DD dt. 20.11.2008 ഉം കാണുക) റവന്യൂ അധികാരികൾ നൽകുന്ന മാര്യേജ് സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ സമുദായം വ്യക്തമാക്കേണ്ടതാണ്.

**ഡി. വ്യത്യസ്ത ജാതികളിലുള്ള ദമ്പതികൾക്ക് ജനിച്ച കുട്ടികളെ SEBC സംവരണത്തിന് പരിഗണിക്കുന്നത്:**
വ്യത്യസ്ത ജാതികളിലുള്ള ദമ്പതിമാരിൽ അച്ഛനോ അമ്മയോ SEBC പട്ടികയിൽ ഉൾപ്പെട്ട സമുദായത്തിൽ പെട്ടവരാണെങ്കിലും അച്ഛനും അമ്മയും SEBC പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിൽ പെടുന്നവെങ്കിലും അവർക്ക് ജനിച്ച കുട്ടികൾ SEBC സംവരണത്തിന് അർഹരാണ്. ഇതിനർഹരായ അപേക്ഷകർ Inter-Caste Marriage Certificate ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് അല്ലെങ്കിൽ ഭാര്യയുടെയും ഭർത്താവിന്റെയും എസ് എസ് എൽ സി സർട്ടിഫിക്കറ്റിൽ /വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിരിക്കുകയും സബ് രജിസ്ട്രാറോ തദ്ദേശ സ്ഥാപനമോ നൽകിയിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റും ഒരു സത്യവാങ്മൂലവും സമർപ്പിക്കാവുന്നതാണ്. ഇവർ സംവരണം ലഭിക്കുന്നതിന് നോൺ - ക്രീമിലെയർ സർട്ടിഫിക്കറ്റ്/ 8 ലക്ഷം രൂപയിൽ കവിയാത്ത വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. അച്ഛനും അമ്മയും SEBC പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിൽ ഉൾപ്പെട്ട വരുന്ന അപേക്ഷകർക്ക് അവരുടെ മാതാ പിതാക്കളുടെ സമുദായങ്ങളിൽ ഏതെങ്കിലും ഒന്ന് സംവരണ ആവശ്യത്തിന് തെരഞ്ഞെടുക്കാവുന്നതാണ്. ഈ വിധം അപേക്ഷയിൽ രേഖപ്പെടുത്തിയത് പിന്നീട് മാറ്റുവാൻ അനുവദിക്കുന്നതല്ല.

**6.2 സംവരണം സംബന്ധിച്ച മറ്റു പൊതു നിയമങ്ങൾ:**
പട്ടികജാതി വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തതിൽ മിച്ചമുള്ള സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കും നേരെ തിരിച്ചും ലഭിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ അപേക്ഷകർ പ്രയോജനപ്പെടുത്താത്ത സീറ്റുകളിലേക്ക് മറ്റ് അർഹ സമുദായത്തിൽ പെട്ട ( ഒ.ഇ.സി) അപേക്ഷകരെ തെരഞ്ഞെടുക്കും. അതും കഴിഞ്ഞ് മിച്ചമുള്ള സീറ്റുകൾ പൊതു മെറിറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

സംവരണ വിഭാഗത്തിലെ ഏതെങ്കിലും സീറ്റുകൾ, ആ വിഭാഗത്തിലെ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് പ്രവേശനം പൂർത്തിയാക്കാവുന്നതാണ്.

**6.3** ഭിന്നശേഷി അപേക്ഷകർ മെഡിക്കൽ ബോർഡ് നൽകുന്ന 40% ൽ കുറയാത്ത ഭിന്നശേഷി സർട്ടിഫിക്കറ്റും അസി. സർജനിൽ കുറയാത്ത യോഗ്യതയുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന 'ഈ കോഴ്സ് പഠിക്കാൻ വൈകല്യം തടസ്സമാകില്ല' എന്ന് കാണിക്കുന്ന ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

7. **പ്രവേശന യോഗ്യത:**

7.1 അപേക്ഷകർ ഇന്ത്യൻ പൗരനായിരിക്കണം

7.2 എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ എഴുതി ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്.

8. **പ്രായ പരിധി:** ഉയർന്ന പ്രായ പരിധിയില്ല.

9. **യൂണിഫോം:** ആൺകുട്ടികൾ കറുപ്പ് കളർ പാന്റ്സും ലാവൻഡർ കളർ ഷർട്ടും, പെൺകുട്ടികൾ കറുപ്പ് കളർ ഫോർമൽ പാന്റ്സും ലാവൻഡർ കളർ ഷർട്ടും കറുപ്പ് കളർ ഓവർ കോട്ടും അടങ്ങുന്ന യൂണിഫോം ധരിക്കേണ്ടതാണ്.

10. **സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ:** പട്ടികജാതി/പട്ടിക വർഗ്ഗ/SEBC/OEC വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർക്കാരിന്റെ തീരുമാനങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

11. **തെരഞ്ഞെടുപ്പ് രീതി:**

11.1 എസ്.എസ്.എൽ.സി/ തത്തുല്യ പരീക്ഷയുടെ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേഡ് പോയിന്റ് ആസ്പദമാക്കിയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

11.2 മൊത്തം ഗ്രേഡ് പോയിന്റ് ആകെ വിഷയങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ശരാശരി ഗ്രേഡ് പോയിന്റ് കണക്കാക്കുന്നു.

11.3. പഴയ സ്കീമനുസരിച്ചുള്ള എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യതയുടെ മാർക്കുകൾ ഗ്രേഡ് പോയിന്റിലേക്ക് പരിവർത്തനം ചെയ്യുന്നു. പഴയ സ്കീം യോഗ്യത പരീക്ഷയുടെ മാർക്കും ആനുപാതിക ഗ്രേഡ് പോയിന്റും താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| ഗ്രേഡ് | എ+ | എ | ബി+ | ബി | സി+ | സി | ഡി+ |
|---|---|---|---|---|---|---|---|
| **മാർക്ക്** | >=90 | >=80 | >=70 | >=60 | >=50 | >=40 | >=30 |
| **പോയിന്റ്** | 9 | 8 | 7 | 6 | 5 | 4 | 3 |

11.4 സർക്കാർ സ്ഥാപനങ്ങളിൽ ശരാശരി ഗ്രേഡ് പോയിന്റ് മുൻഗണനാക്രമത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് സംവരണ തത്ത്വങ്ങൾക്ക് വിധേയമായി പ്രവേശനം നടത്തുന്നതായിരിക്കും.

11.5 ശരാശരി ഗ്രേഡ് പോയിന്റ് തുല്യമായി വരുന്ന സാഹചര്യത്തിൽ ഇംഗ്ലീഷിനു ലഭിച്ച ഗ്രേഡ് പോയിന്റിനെ മുൻ ഗണന നൽകി പരിഗണിക്കും. വീണ്ടും തുല്യത വന്നാൽ ജനന തീയതി ആദ്യം വരുന്നവർക്ക് മുൻ ഗണന നൽകും.

11.6 അലോട്ട്മെന്റും റാങ്ക് ലിസ്റ്റും അതാത് സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കുന്നതും അവ ഓൺലൈനിൽ പരിശോധിക്കാവുന്നതാണ്.

**12 പ്രവേശനം:**

12.1 അലോട്ട്മെന്റ് ലിസ്റ്റ് സ്ഥാപനത്തിലെ നോട്ടിസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.

12.2 പ്രവേശന ദിവസം വിദ്യാർത്ഥി രക്ഷാകർത്താവിനോടൊപ്പം നിശ്ചിത സമയത്തുതന്നെ സ്ഥാപനത്തിൽ ഹാജരാകേണ്ടതാണ്.

12.3 നിശ്ചിത ദിവസം പ്രവേശനത്തിനു ഹാജരാകാത്തവരെ പിന്നീട് പ്രവേശനത്തിന് പരിഗണിക്കുന്നതല്ല

12.4 പ്രവേശനത്തിനു വരുമ്പോൾ വിടുതൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, എന്നിവയോടൊപ്പം താഴെ സൂചിപ്പിക്കുന്ന പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഉദ്ദേശ്യം | ആവശ്യമായ രേഖ |
|---|---|---|
| 01 | ജനന തീയതി തെളിയിക്കുന്നതിന് | ജനന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ SSLC/THSLC തത്തുല്യ പരീക്ഷ സർട്ടിഫിക്കറ്റ് |
| 02 | വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിന് | SSLC/THSLC തത്തുല്യ യോഗ്യത മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റ് |
| 03 | SEBC വിഭാഗത്തിനുള്ള സാമുദായിക സംവരണം അവകാശപ്പെടുന്നതിന് | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ജാതി/സമുദായം ഉൾപ്പെടുത്തിയ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് **അല്ലെങ്കിൽ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും. **അല്ലെങ്കിൽ** ഉദ്യോഗാർത്ഥിയുടെ നിർദ്ദിഷ്ട ജാതി/സമുദായം കാണിക്കുന്ന എസ് എസ് എൽസി/തത്തുല്യ സർട്ടിഫിക്കറ്റിനോടൊപ്പം (അനുബന്ധം II ഇ-ൽ ജാതി ഉൾപ്പെടുത്തിയിട്ടുണ്ട്) സത്യവാങ്മൂലവും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ 8 ലക്ഷം രൂപയിൽ കവിയാത്ത വരുമാന സർട്ടിഫിക്കറ്റ് |
| 04 | എസ്.സി/എസ്.ടി സംവരണം അവകാശപ്പെടുന്നതിന് | തഹസിൽദാർ പുറപ്പെടുവിച്ച സാധുവായ ജാതി സർട്ടിഫിക്കറ്റ് |
| 05 | വ്യത്യസ്ത ജാതികളില്ലുള്ള ദമ്പതികൾക്ക് ജനിച്ച കുട്ടികളെ SEBC സംവരണത്തിന് പരിഗണിക്കുന്നതിന് | Inter-Caste Marriage Certificate ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയത് അല്ലെങ്കിൽ ഭാര്യയുടെയും ഭർത്താവിന്റെയും എസ് എസ് എൽ |

| | | |
|---|---|---|
| | | സി സർട്ടിഫിക്കറ്റിൽ / വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിരിക്കുകയും സബ്ബ് രജിസ്ട്രാറോ തദ്ദേശ സ്ഥാപനമോ നൽകിയിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റും ഒരു സത്യവാങ്മൂലവും, നോൺ - ക്രീമിലെയർ സർട്ടിഫിക്കറ്റ് / 8 ലക്ഷം രൂപയിൽ കവിയാത്ത വരുമാന സർട്ടിഫിക്കറ്റ് |
| 06 | വ്യത്യസ്ത സമുദായത്തിൽപെട്ട ദമ്പതികളിൽ ആരെങ്കിലും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നുവെങ്കിൽ സംവരണത്തിന് പരിഗണിക്കുന്നതിന് | റവന്യൂ ഉദ്യോഗസ്ഥർ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റും തഹസിൽദാർ നൽകുന്ന കുട്ടിയുടെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റും. |
| 07 | ഭിന്നശേഷി സംവരണം അവകാശപ്പെടുന്നതിന് | മെഡിക്കൽ ബോർഡ് പുറപ്പെടുവിച്ച ഭിന്നശേഷി സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് |
| 08 | യുദ്ധത്തിൽ മരണമടഞ്ഞ ജവാന്മാരുടെ വിധവകൾ ആയത് തെളിയിക്കുന്നതിന് | ബന്ധപ്പെട്ട Military / Zilla Sainik Welfare/ സമാനമായ അധികാരമുള്ള ഉദ്യോഗസ്ഥർ നൽകിയ സർട്ടിഫിക്കറ്റ് |
| 09 | EWS സംവരണം അവകാശപ്പെടുന്നതിന് | വില്ലേജ് ഓഫീസറിൽ നിന്നുള്ള EWS സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ |

**13. ഫീസ്:** പ്രവേശനം ലഭിക്കുന്നവർ താഴെ പറയും പ്രകാരം പ്രവേശന സമയത്ത് ഫീസ് അടയ്ക്കേണ്ടതാണ്.

i) **സർക്കാർ സ്ഥാപനങ്ങളിലെ ഫീസ്**:

| | | |
|---|---|---|
| **പ്രവേശന ഫീസ്** | 155/- (നൂറ്റി അൻപത് അഞ്ച് രൂപ മാത്രം) | |
| **സ്പെഷ്യൽ ഫീസ്(വർഷം തോറും)** | 230/- (ഇരുന്നൂറ്റി മുപ്പത് രൂപ മാത്രം) | |
| | റവന്യൂ ഭാഗം: | 155/- |
| | പി.ഡി.ഭാഗം: | 75/- |
| **കരുതൽ നിക്ഷേപം** | 300/- രൂപ (മുന്നൂറ് രൂപ മാത്രം) | |

ii) **ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാം നടത്തുവാനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ച സ്വകാര്യ സ്ഥാപനങ്ങളിലെ ഫീസ്**:

| | |
|---|---|
| **പ്രവേശന ഫീസ് (റവന്യൂ ഭാഗം)** | 155/- (നൂറ്റി അൻപത് അഞ്ച് രൂപ മാത്രം) |
| **ട്യൂഷൻ ഫീസ്(വർഷം തോറും)** | 15,000/- (പതിനയ്യായിരം രൂപ മാത്രം) |
| **പെർമനന്റ് പരീക്ഷ രജിസ്ട്രേഷൻ ഫീസ്** | 290/- (ഇരുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) |

**14. അറിയിപ്പ്:** പ്രവേശനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും **https://fdgt.polyadmission.org/** എന്ന വെബ്സൈറ്റിലും സ്ഥാപനത്തിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതായിരിക്കും. അപേക്ഷകർക്ക് പ്രത്യേകം അറിയിപ്പുകൾ നൽകുന്നതല്ല. അപൂർണ്ണമായ അപേക്ഷകൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**(ഒപ്പ്)**
**സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്.)**
**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം**